പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6262 — 10.7.2012 ൽ മറുപടിയ്ക്ക്

## കെട്ടിക്കിടക്കുന്ന ചികിത്സാ ധനസഹായ അപേക്ഷകൾ

ചോദ്യം — മറുപടി

ശ്രീ.മോൻസ് ജോസഫ് — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) വികലാംഗർക്ക് പി.എസ്.സി നിയമനങ്ങളിൽ സംവരണം ചെയ്ത 3% 2004 മുതൽ ബാക്ക് ലോഗ് ആയത് നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ)ജി.ഒ(പി)7/11/SWD തീയതി 24.1.2011 പ്രകാരം 1.1.2004 മുതൽ 31.12.2007 വരെയുള്ള കാലയളവിലെ വികലാംഗർക്കുള്ള 3% ബാക്ക് ലോഗ് ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 1047 ഒഴിവുകളിൽ 30.4.2012 ലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ.208 മുതൽ 284 വരെയുള്ള തസ്തികകളിലേയ്ക്ക് (930 ഒഴിവുകൾ) Physically Handicapped 3% ബാക്ക് ലോഗ് സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സാമൂഹ്യക്ഷേമ വകുപ്പിൽ ചികിത്സാ ധനസഹായത്തിന് എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ രോഗിക്കും പരമാവധി നൽകുന്ന ധനസഹായം എത്ര രൂപയാണ്; | (ബി) 2829 അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. ഓരോ രോഗിക്കും പരമാവധി 5000/- രൂപ ധനസഹായം നൽകുന്നുണ്ട്. |
| (സി)ധനസഹായ അപേക്ഷയുടെ ഫോറം ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; കെട്ടിക്കിടക്കുന്ന അപേക്ഷകൾ എന്ന് തീർപ്പാക്കും എന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട് (അനുബന്ധമായി ചേർത്തിട്ടുണ്ട്) ജില്ലാ ഓഫീസുകളിൽ നിന്നും സമർപ്പിക്കുന്ന കണക്കനുസരിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ നിന്നും ലഭ്യതയനുസരിച്ച് ഫണ്ട് അനുവദിക്കുന്നുണ്ട്. |
| (ഡി) സാമൂഹ്യക്ഷേമ വകുപ്പിൽ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഉണ്ട്. നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

വികലാംഗദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുന്നതിനുള്ള
അപേക്ഷാഫാറം

1. അപേക്ഷകന്റെ പേരും മേൽവിലാസവും :

2. അപേക്ഷകന്റെ ജനനസ്ഥലം :

(എ) ദേശം :
(ബി) വില്ലേജ് :
(സി) താലൂക്ക് :
(ഡി) ബ്ലോക്ക് :
(ഇ) ജില്ല :
3. പുരുഷൻ / സ്ത്രീ :
4. ജനനതീയതി :
5. അപേക്ഷകന്റെ ഇപ്പോഴത്തെ മേൽവിലാസം :

6. അപേക്ഷകന്റെ / പിതാവിന്റെ / കുടുംബ നാഥന്റെ / രക്ഷകർത്താവിന്റെ പേരും മേൽവിലാസവും :
7. അംഗവൈകല്യത്തെ സംബന്ധിക്കുന്ന വിശദവിവരം(മെഡിക്കൽ സർട്ടിഫിക്കറ്റ് വികലാംഗത്വ സർട്ടിഫിക്കറ്റ് ഹാജരാക്കണം) : അന്ധത/ബധിരത/മൂകബധിര/ അസ്തിസംബന്ധമായവൈകല്യം/ മന്ദബുദ്ധി/ഓസ്ട്രാമേററ്സ്
8. കുടുംബനാഥന്റെ വാർഷികവരുമാനം :
9. ധനസഹായം ആവശ്യപ്പെടുന്ന തുക :
10. അടിയന്തിര സഹായത്തന്റെ ആവശ്യകത :
11. ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ ? (ഉണ്ടെങ്കിൽ വിശദവിവരം) :
12. മററ് എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടങ്കിൽ അതിന്റെ വിവരം :

സത്യപ്രസ്ഥാവന

മുകളിൽ പറഞ്ഞിരിക്കുന്ന വസ്ഥുക്കളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ് / വിരളടയാളം

**അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ :**

വില്ലേജ് ആഫീസറുടെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഗവ. ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റ് (അസൽ), വികലാംഗ സർട്ടിഫിക്കറ്റിന്റെ കോപ്പി.